ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22-03-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ആഗോള അംഗീകാരം നേടിയ യോഗയും ആയുർവേദവും നിത്യജീവിതത്തിന്റെ ഭാഗമാക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan has said that globally recognized Yoga and Ayurveda should be made part of daily life.**

2. പശ്ചിമേഷ്യൻ സ്ഥിതിഗതികൾ അവലോകനം ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു; രാജ്യത്ത് പെട്രോളിനും ഡീസലിനും ക്ഷാമമില്ലെന്ന് കേന്ദ്രം.

   **A high-level meeting chaired by Prime Minister Narendra Modi reviewed the situation in West Asia; the Centre has assured that there is no shortage of petrol and diesel in the country.**

3. റഷ്യയിൽനിന്ന് അസംസ്കൃത എണ്ണ വഹിച്ചുള്ള കപ്പൽ കർണാടകയിലെ മംഗളൂരുവിലെത്തി; അമേരിക്കയിൽ നിന്നുള്ള LPG ചരക്കുകപ്പലും മംഗളൂരു തുറമുഖത്ത്.

   **A ship carrying crude oil from Russia has reached Mangaluru in Karnataka; an LPG cargo vessel from the United States has also arrived at Mangaluru port.**

4. കേരളം, അസം, പുതുച്ചേരി നിയമസഭാ തിരഞ്ഞെടുപ്പുകളിൽ നാമനിർദേശപത്രികാ

സമർപ്പണം നാളെ അവസാനിക്കും. കേരളത്തിൽ ഇതുവരെ പത്രിക സമർപ്പിച്ചത് 341 പേർ.

**The last date for filing nominations for the Legislative Assembly elections in Kerala, Assam, and Puducherry is tomorrow; so far, 341 candidates have filed nominations in Kerala.**

5. ഒമാനിൽ മിന്നൽ പ്രളയത്തിൽ രണ്ട് മലയാളികൾ മരിച്ചു; ഒരാളെ കാണാതായി.

**Two Malayalees have died in flash floods in Oman, while one person is missing.**

6. ഐ എസ് എൽ ഫുട്ബോളിൽ ഗോവ-ചെന്നൈയിൻ എഫ്സി മത്സരം സമനിലയിൽ.

**In the Indian Super League football, the match between FC Goa and Chennaiyin FC ended in a draw.**

**&&&&&&&&&&&&&&&&&**

## VP-NATUROPATHY

യോഗയും ആയുർവേദവും ആഗോളതലത്തിൽ അംഗീകാരം നേടിയ പരമ്പരാഗത ചികിത്സാരീതികളാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഇവ നിത്യജീവിതത്തിന്റെ ഭാഗമാക്കണമെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്രയിൽ പ്രകൃതിചികിത്സ ഗ്രാം സുധാർ ട്രസ്റ്റ് ആശ്രമത്തിന്റെ 81-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുകയായിരുന്നു ഉപരാഷ്ട്രപതി.

**&&&&&&&&&&&&&&&&&**

## PM-WEST ASIA MEETING

പശ്ചിമേഷ്യയിലെ സ്ഥിതിഗതികളുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്ന് ഉന്നതതല യോഗം ചേർന്നു. രാജ്യത്തെ പെട്രോളിയം, എണ്ണ,

വാതകം, വൈദ്യുതി, വളം തുടങ്ങിയ മേഖലകളിലെ സ്ഥിതി യോഗം അവലോകനം ചെയ്തു.

**&&&&&&&&&&&&&&&&&**

## LPG

രാജ്യത്ത് പെട്രോളിനോ ഡീസലിനോ ക്ഷാമമില്ലെന്ന് കേന്ദ്ര സർക്കാർ. വാണിജ്യ എൽപിജിയുടെ 20 ശതമാനം കൂടി കേന്ദ്രം സംസ്ഥാനങ്ങൾക്ക് അനുവദിക്കും. റസ്റ്റോറന്റുകൾ, വ്യാവസായിക കാന്റീനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന മറ്റ് മേഖലകൾ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് അധിക വിഹിതം നൽകുക. ഗാർഹിക എൽപിജി സിലിണ്ടർ വിതരണം സാധാരണ നിലയിലാണ് എന്നും സർക്കാർ വ്യക്തമാക്കി.

**&&&&&&&&&&&&&&&&&**

## RUSSIAN OIL - INDIA

റഷ്യൻ അസംസ്കൃത എണ്ണയുമായി അക്വാ ടൈറ്റൻ കപ്പൽ, കർണാടകയിലെ മംഗളൂരുവിൽ എത്തി. അമേരിക്കയിൽ നിന്ന് ദ്രവീകൃത പെട്രോളിയം വാതകവുമായി പൈക്സിസ് പയനിയർ എന്ന ചരക്കുകപ്പലും, മംഗളൂരു തുറമുഖത്ത് എത്തി.

**&&&&&&&&&&&&&&&&&**

## WEST ASIA CONFLICT

പശ്ചിമേഷ്യൻ സംഘർഷം അയവില്ലാതെ തുടരുന്നു. നെഗേവ് ആണവ ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്ന ഇസ്രയേലി പട്ടണമായ ഡിമോണയെയും, ആരാഡ് നഗരത്തെയും ലക്ഷ്യമിട്ട് ഇറാൻ ബാലിസ്റ്റിക് മിസൈലുകൾ വിക്ഷേപിച്ചു. ഹോർമുസ് കടലിടുക്ക് അടുത്ത 48 മണിക്കൂറിനകം പൂർണമായും തുറന്നില്ലെങ്കിൽ ഇറാന്റെ ഏറ്റവും വലിയ വൈദ്യുത നിലയങ്ങൾ

ആക്രമിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി.

**&&&&&&&&&&&&&&&&&**

## IRAN - HORMUZ

ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗതം, ഇറാന്റെ ശത്രുരാജ്യങ്ങൾക്ക് മാത്രമേ നിഷേധിച്ചിട്ടുള്ളുവെന്ന് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ - IMO-യിലെ ഇറാന്റെ പ്രതിനിധി അറിയിച്ചു. നിലവിലെ സമുദ്ര ചരക്കുനീക്ക പ്രതിസന്ധികൾക്ക് പ്രാഥമിക കാരണം അമേരിക്കയും ഇസ്രയേലും ഉൾപ്പെട്ട സംഘർഷമാണ് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**&&&&&&&&&&&&&&&&&**

## RATHAN U KELKAR

കേരള നിയമസഭ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ നാമനിർദേശ പത്രിക സമർപ്പണത്തിനുള്ള സമയപരിധി നാളെ വൈകിട്ട് 3ന് അവസാനിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. പത്രികകളുടെ പരിശോധന മറ്റന്നാളാണ്. 26 വരെ പത്രിക പിൻവലിക്കാം. കേരളത്തിൽ ഇതുവരെ 341 സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. കേരളത്തിനൊപ്പം വോട്ടെടുപ്പു നടക്കുന്ന അസമിലും പുതുച്ചേരിയിലും നാമനിർദേശപത്രികാ സമർപ്പണം നാളെ അവസാനിക്കും.

**&&&&&&&&&&&&&&&&&**

## ELECTION CAMPAIGNING

സ്ഥാനാർത്ഥി നിർണയം പൂർത്തിയായതോടെ ദേശീയ നേതാക്കൾ പ്രചാരണത്തിന് കേരളത്തിലെത്തുന്നു.

ബിജെപിക്കായി പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, ദേശീയ അധ്യക്ഷൻ നിതിൻ നബീൻ എന്നിവർ പ്രചാരണത്തിനെത്തും. കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽഗാന്ധിയുടെ കേരളത്തിലെ തിരഞ്ഞെടുപ്പ് പര്യടനം ഈ മാസം 25 ന് കോഴിക്കോട്ട് ആരംഭിക്കും. സിപിഐ എം നേതാക്കളായ മുഖ്യമന്ത്രി പിണറായി വിജയൻ, എം എ ബേബി, പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട് തുടങ്ങിയവരും പ്രചാരണത്തിൽ സജീവമാകും.

**&&&&&&&&&&&&&&&&&**

## ECI -VOTER FRIENDLY-INTRO

നിയമസഭ തിരഞ്ഞെടുപ്പുകൾ പരമാവധി വോട്ടർ സൗഹൃദമാക്കാനുള്ള നടപടികളുമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പോളിങ് സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യങ്ങളും സഹായവും ഉറപ്പാക്കണമെന്ന് കമീഷൻ നിർദേശം നൽകി.

**വിശദാംശങ്ങളിലേക്ക്...**
**(വോയിസ്)**

## ECI -VOTER FRIENDLY-VOICE

വോട്ടെടുപ്പ് ദിവസം 2,18,807 പോളിംഗ് സ്റ്റേഷനുകളിൽ ഓരോന്നിലും വോട്ടർമാർക്ക് വേണ്ട കുടിവെള്ളം, തണലുള്ള കാത്തിരിപ്പ് സ്ഥലം, ജല സൗകര്യമുള്ള ശുചിമുറി, മതിയായ വെളിച്ചം, ഭിന്നശേഷിക്കാർക്കായി റാമ്പ് സൗകര്യം എന്നിവ ഉറപ്പാക്കണം. വോട്ടുചെയ്യാൻ വരിയിൽ കാത്തു നിൽക്കേണ്ടി വന്നാൽ വോട്ടർമാർക്ക് ഇരിക്കാൻ കഴിയുന്ന തരത്തിൽ ബെഞ്ചുകൾ ക്രമീകരിക്കാനും സിഇഒമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പോളിംഗ് സ്റ്റേഷൻ വിശദാംശങ്ങൾ, സ്ഥാനാർത്ഥികളുടെ പട്ടിക, ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ, അംഗീകൃത തിരിച്ചറിയൽ രേഖകളുടെ പട്ടിക, വോട്ടിംഗ് പ്രക്രിയ എന്നിവ അടങ്ങുന്ന

പോസ്റ്ററുകൾ എല്ലാ പോളിംഗ് സ്റ്റേഷനുകളിലും പ്രദർശിപ്പിക്കണമെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ട്. വോട്ടർമാർക്ക് പോളിംഗ് സ്റ്റേഷനിൽ പ്രവേശിക്കുന്നതിന് മുമ്പ് അവരുടെ മൊബൈൽ ഫോൺ സുരക്ഷിതമായി സൂക്ഷിക്കാൻ സൗകര്യം ഒരുക്കാനും നിർദേശമുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&

## ELECTION- PIB -CEO

പ്രസ് ഇൻഫർമേഷൻ ബ്യൂറോ മാധ്യമപ്രവർത്തകർക്കായി തയ്യാറാക്കിയ 'വോട്ടറിവ്' കൈപ്പുസ്തകം നാളെ പ്രകാശനം ചെയ്യും. തിരുവനന്തപുരത്ത് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ പ്രകാശനം നിർവഹിക്കും.

&&&&&&&&&&&&&&&&&

## S I R KERALAM

കേരളത്തിൽ വോട്ടർപട്ടികയിൽ പുതുതായി പേര് ചേർക്കാൻ നാളെ വരെ സമയം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

&&&&&&&&&&&&&&&&&

## PM - WORLD WATER DAY

ഇന്ന് ലോക ജല ദിനം. 'ജലവും ലിംഗഭേദവും' എന്നതാണ് ഈ വർഷത്തെ പ്രമേയം. ജലത്തിൻറെ ഉത്തരവാദിത്വപരമായ ഉപയോഗം ഉറപ്പാക്കണമെന്നും ഓരോ തുള്ളി വെള്ളവും

സംരക്ഷിക്കപ്പെടണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ജലദിന സന്ദേശത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## JAL SHAKTI - WATER DAY

ജൽശക്തി മന്ത്രാലയം സംഘടിപ്പിക്കുന്ന ലോക ജലദിന കോൺക്ലേവ് നാളെ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി സി.ആർ. പാട്ടീൽ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&

## SC-PRISON CONDITIONS

രാജ്യത്തെ ജയിലുകളുടെ അവസ്ഥയെക്കുറിച്ചുള്ള പുതുക്കിയ വിവരങ്ങൾ മെയ് 18-നകം സമർപ്പിക്കാൻ സുപ്രീം കോടതി എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും നിർദ്ദേശിച്ചു. വനിതാ ജയിലുകളുടെ എണ്ണവും ലഭ്യമായ സൗകര്യങ്ങളും, സ്ത്രീ തടവുകാരോടൊപ്പം താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനുമുള്ള നടപടികൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&&

## OMAN

ഒമാനിൽ മിന്നൽ പ്രളയത്തിൽ രണ്ട് മലയാളികൾ മരിച്ചു. തൃത്താല സ്വദേശികളായ യൂസഫ്, ഷംല എന്നിവരാണ് മരിച്ചത്. യൂസഫിന്റെ മാതാവ് റംലയെ കാണാതായി.

&&&&&&&&&&&&&&&&&

## HELICOPTER CRASH-QATAR

ഖത്തറിൽ സമുദ്രാതിർത്തിയിൽ ഹെലികോപ്റ്റർ തകർന്ന് കാണാതായ ഏഴ് പേരിൽ ആറ് പേർ മരിച്ചതായി ഖത്തർ ആഭ്യന്തര മന്ത്രാലയം സ്ഥിരീകരിച്ചു. സാങ്കേതിക തകരാറിനെത്തുടർന്നാണ് പതിവ് ദൗത്യത്തിനിടെ ഹെലികോപ്റ്റർ തകർന്നുവീണത്.

&&&&&&&&&&&&&&&&&

## ISL FOOTBALL

ഐ എസ് എൽ ഫുട്ബോളിൽ ഗോവ-ചെന്നൈയിൻ എഫ്സി മത്സരം സമനിലയിൽ. ഇരുടീമും ഓരോ ഗോൾ വീതം നേടി.

&&&&&&&&&&&&&&&&&

## CRICKET

ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ അയർലൻഡ് പര്യടനം ജൂണിൽ. രണ്ടു ട്വന്റി-20 മത്സരങ്ങളാണ് പരമ്പരയിലുള്ളത്. ബെൽഫാസ്റ്റിൽ ജൂൺ 26-നും 28-നുമാണ് മത്സരങ്ങൾ.

&&&&&&&&&&&&&&&&&

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവത്തിനായി ശബരിമല നട വൈകിട്ട് തുറന്നു. നാളെ നടക്കുന്ന കൊടിയേറ്റോടെ ഉത്സവത്തിന് ആചാരപരമായി തുടക്കമാകും. ഏപ്രിൽ ഒന്നിന് ആറാട്ട് ഘോഷയാത്രയോടെ ഉത്സവത്തിന് സമാപനമാകും.

&&&&&&&&&&&&&&&&&

## IMD KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പാലക്കാട്

ജില്ലയിൽ ഉയർന്ന താപനില 38 °C വരെയും കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കാസർകോട് ജില്ലകളിൽ താപനില 37°C വരെയും; തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ താപനില 36°C വരെയും ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## CII - MIDDLE EAST CONFLICT

പശ്ചിമേഷ്യയിൽ തുടരുന്ന സംഘർഷത്തിന്റെ സാമ്പത്തിക ആഘാതം കൈകാര്യം ചെയ്യുന്നതിന് ഇന്ത്യ അതിവേഗ-സന്തുലിത നടപടികളാണ് സ്വീകരിക്കുന്നതെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി. വിതരണ ശൃംഖലകൾ, ഊർജ്ജ സുരക്ഷ, മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിരത എന്നിവ സംരക്ഷിക്കുന്നതിൽ സർക്കാരും വ്യവസായവും ഒരുമിച്ച് പ്രവർത്തിക്കുന്നതായും സിഐഐ ഡയറക്ടർ ജനറൽ ചന്ദ്രജിത് ബാനർജി പറഞ്ഞു.

&&&&&&&&&&&&&&&&&

## PUNJAB-SMUGGLERS

പഞ്ചാബിലെ അമൃത്സറിൽ അതിർത്തി കടന്നുള്ള മയക്കുമരുന്ന് കള്ളക്കടത്ത് ശൃംഖലയിൽ പെട്ട മൂന്ന് പേരെ അതിർത്തി സുരക്ഷാ സേന അറസ്റ്റ് ചെയ്തു. 24 കിലോഗ്രാം ഹെറോയിൻ, 21 ലക്ഷം രൂപയുടെ മയക്കുമരുന്ന്, പണം, ഒരു ഡ്രോൺ എന്നിവ കണ്ടെടുത്തതായി പോലീസ് വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&

## SLOVENIA - ELECTIONS

സ്ലോവേനിയയിൽ ഇന്ന് പൊതുതിരഞ്ഞെടുപ്പ്. നിലവിലെ പ്രധാനമന്ത്രി റോബർട്ട് ഗൊലോപ്, യാനെസ് യാൻഷായെ നേരിടും. ഗൊലോപിൻറെ നേതൃത്വത്തിൽ, സ്വതന്ത്ര പലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ച ചുരുക്കം ചില യൂറോപ്യൻ രാജ്യങ്ങളിൽ ഒന്നായിരുന്നു സ്ലോവേനിയ. ഡോണൾഡ് ട്രംപ് അനുകൂലിയാണ് ഗൊലോപിൻറെ എതിരാളി യാനെസ് യാൻഷാ.

&&&&&&&&&&&&&&&&&

## BANGLADESH-TRAIN COLLISION

ബംഗ്ലാദേശിലെ റെയിൽവേ ലെവൽ ക്രോസിംഗിൽ, ട്രെയിൻ ബസിൽ ഇടിച്ചുകയറി 12 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. തിരക്കേറിയ ധാക്ക-ചട്ടോഗ്രാം ഹൈവേയിലെ പാദുവ ബസാർ ക്രോസിംഗിലാണ് അപകടം.

&&&&&&&&&&&&&&&&&

## UKRAIN-US TALKS

യുക്രൈൻ, അമേരിക്ക പ്രതിനിധികൾ തമ്മിൽ റഷ്യ-യുക്രെയ്ൻ സംഘർഷം പരിഹരിക്കുന്നതിനുള്ള പ്രധാന വിഷയങ്ങളും അടുത്ത ഘട്ടങ്ങളും സംബന്ധിച്ച് ഇന്നലെ ഫ്ലോറിഡയിൽ ചർച്ച നടത്തി. പ്രായോഗിക ഫലങ്ങൾക്കായുള്ള സമീപനങ്ങൾ ഏകോപിപ്പിക്കുന്നതിലാണ് ചർച്ചകൾ കേന്ദ്രീകരിച്ചതെന്ന് യുക്രൈൻ ദേശീയ സുരക്ഷാ, പ്രതിരോധ കൗൺസിൽ സെക്രട്ടറി റസ്റ്റം ഉമെറോവ് പറഞ്ഞു. സമഗ്രമായ സമാധാന കരാറിലേക്കുള്ള ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൂടിക്കാഴ്ചകളെന്ന് അമേരിക്കൻ സംഘം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&